പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2889 — 10/03/2017-ൽ മറുപടിക്ക്

മത്സ്യഫെഡിന്റെ ഭരണസമിതിക്കെതിരെയുള്ള അന്വേഷണം

ചോദ്യം

ശ്രീ. അൻവർ സാദത്ത്

മറുപടി

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015 ഫെബ്രുവരിയിൽ നിലവിൽ വന്ന മത്സ്യഫെഡിന്റെ ഭരണസമിതിക്കെതിരെയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) | ഭരണസമിതിക്കെതിരെയുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിക്കെതിരെയുള്ള അന്വേഷണത്തിൽ 2011 മുതലുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചത് എന്തടിസ്ഥാനത്തിലാണ്; | (ബി) | മത്സ്യഫെഡിൽ മുമ്പ് നടന്ന അന്വേഷണത്തിനു ശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങൾ അന്വേഷിക്കേണ്ടതിനാലാണ് 2011 മുതലുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചത്. നിലവിലുള്ള ഭരണ സമിതിയുടെ കാലത്തെ പ്രവർത്തനങ്ങളും അന്വേഷണ വിഷയമായിരുന്നു. |
| (സി) | അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; | (സി) | കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | അന്വേഷണത്തിന്റെ പേരിൽ രാഷ്ട്രീയ വിരോധം തീർക്കുവാനും തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഭരണ സമിതിയെ പിരിച്ചുവിടുവാനുമുള്ള ശ്രമം നീക്കം ഉപേക്ഷിക്കുമോ? | (ഡി) | രാഷ്ട്രീയ വിരോധത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. അന്വേഷണ റിപ്പോർട്ട് പരിഗണിച്ച്, സഹകരണ സംഘം നിയമം അനുസരിച്ച്, ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ മത്സ്യഫെഡ് ഭരണ സമിതിയെ 03-03-2017-ന് രജിസ്ട്രാറായ ഫിഷറീസ് ഡയറക്ടർ പിരിച്ചുവിടുകയും പകരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ